ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട തീർത്ഥാടന പാതകൾ

*20 [623] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
,, *ലൂഡി ലൂയിസ്:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *എൻ. ഡി. അപ്പച്ചൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മലനാട്ടിലെ ഏതെങ്കിലും റോഡിനെ തീർത്ഥാടന പാതയായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം;

(സി) ബന്ധപ്പെട്ട എല്ലാ പാതകളെയും തീർത്ഥാടന പാതകളായി പ്രഖ്യാപിക്കുമോ;

(ഡി) പ്രസ്തുത പാതകളുടെ വികസന പ്രവർത്തനത്തിന് ആവശ്യമായ ധന സഹായം കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മരാമത്തു വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ):*

(എ) & (ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) റോഡുകളുടെ വികസനവും ശബരിമലയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാനിൽപ്പെടുത്തി കേന്ദ്ര ധനസഹായം തേടുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

പി. എസ്. സി.- യ്ക്ക് വിട്ട സഹകരണ ബാങ്കുകളിലെ നിയമനം

*21 [624] *ശ്രീ. രാജു എബ്രഹാം:*
,, *എം. വി. ജയരാജൻ:*
,, *ടി. പി. രാമകൃഷ്ണൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ പി.എസ്.സി. വഴി അല്ലാതെ ഭരണ സമിതിക്ക് നേരിട്ട് നിയമനം നടത്താൻ അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിയമനം പി.എസ്.സി.-യ്ക്ക് വിട്ടുകൊണ്ടുള്ള നിയമ വ്യവസ്ഥകളിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി;

(സി) നിയമ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനു മുമ്പായി പി. എസ്. സി. യുമായി ചർച്ച നടത്തുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വ്യവസ്ഥകളിൽ മാറ്റം വരുത്തിയതിനുശേഷം സംസ്ഥാന സഹകരണ ബാങ്കിൽ ഏതെല്ലാം തസ്തികകളിലേക്ക് എത്ര വീതം നിയമനം നടത്തുകയുണ്ടായി; വിശദമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ):*

(എ) സംസ്ഥാന സഹകരണ ബാങ്കിലെ കണ്ടിജൻസി ജീവനക്കാരെ നേരിട്ട് നിയമനം നടത്തുന്നതിനുള്ള അധികാരം ഭരണ സമിതിക്കുണ്ട്.

(ബി) & (സി) ഒരു മാറ്റവും വരുത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ

*22 [625] *ശ്രീ. തമ്പാനൂർ രവി:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് ഡിവിഷനുകൾ ഉള്ള ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ആവശ്യമെങ്കിൽ ഒരെണ്ണം ഇംഗ്ലീഷ് മീഡിയം ആക്കി മാറ്റുവാൻ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് ഇപ്പോൾ ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ;

(സി) ഗവൺമെന്റ് എൽ. പി. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥികൾക്കായി സിലബസുകൾ ഏകീകരിക്കുന്നതിനും, വിദ്യാഭ്യാസ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ മാത്രം പഠിപ്പിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്

(ബി) 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ എൻ. സി. ഇ. ആർ. ടി. ആണ് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

നബാർഡിൽ നിന്നും ലഭിച്ച വായ്പ

*23 [626] *ശ്രീ. ഇ. എം. അഗസ്തി:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയ്ക്കുവേണ്ടി നബാർഡ് അനുവദിച്ച വായ്പ ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ എപ്പോഴെങ്കിലും പൂർണ്ണമായും സംസ്ഥാനം ഉപയോഗിക്കാതിരുന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly